**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5551** **05-07-2024 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ ? | (എ) | കേരളം പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിനായി വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പശുക്കളെ വാങ്ങി ഡെയറി ഫാം സ്ഥാപിക്കുന്നതിനുള്ള 01, 02, 05, 10, 20 പശു യൂണിറ്റുകൾ, തീറ്റപ്പുൽകൃഷി ധനസഹായ പദ്ധതികൾ എന്നിവയ്ക്ക് പുറമേ അതിദാരിദ്ര്യം അനുഭവിക്കുന്നവർ ജീവനോപാധിയായി ക്ഷീരവൃത്തി നടപ്പിലാക്കുന്നതിനുള്ള പദ്ധതി, യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള "ക്ഷീരയുവ പദ്ധതി" തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന "ക്ഷീരലയം പദ്ധതി", മത്സ്യ മേഖല-കയർ മേഖല എന്നിവടങ്ങളിലെ തൊഴിലാളി കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന "ക്ഷീരതീരം പദ്ധതി", ക്ഷീരകർഷകർക്ക് അവരുടെ ഫാം ആധുനികവൽകരണത്തിനും നവീകരണത്തിനുമായി ലോൺ എടുത്ത തുകയുടെ പലിശ പൂർണ്ണമായും നൽകുന്ന പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണത്തിനും, കറവയന്ത്രം വാങ്ങുന്നതിനുമുള്ള ധനസഹായം, ഡെയറി ഫാമുകളുടെ ആധുനികവൽകരണത്തിനും, യന്ത്രവൽകരണത്തിനുമായി അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br><br>ക്ഷീരകർഷക ക്ഷേമനിധി മുഖേന കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്ന പെൻഷൻ, കുടുംബപെൻഷൻ, ക്ഷീരസാന്ത്വനം ഇൻഷുറൻസ്, വിവാഹധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ